ശ്രീ. പ്രാക്കുളം ഭാസി : കരാർ സോഷ്യലിസ്റ്റ് സാമ്പത്തിക വ്യവസ്ഥിതിയിലേയ്ക്ക് മാറിക്കൊണ്ടിരിക്കുന്നു എന്നു പറയുന്ന ഗവണ്മെൻറിനു് ഈ എൻ. എം. ആർ. തൊഴിലാളികളുടെ ജോലിസ്ഥിരതയെ സംബന്ധിച്ചു് ഒരു ക്ലിപ്ത വ്യവസ്ഥ ഇല്ലാതിരിക്കുന്നതു് തെറ്റല്ലേ ?

ശ്രീ. കെ. ഐ. വേലായുധൻ : അവർ ദിവസജോലിക്കാരാണു്. ഓരോ സ്ഥലങ്ങളിലും അവിടത്തെ സെക്ഷൻ ആഫീസർ ആവശ്യമുള്ള ജോലിക്കാരെ എടുക്കുകയാണു്.

ശ്രീ. പ്രാക്കുളം ഭാസി : ഈ സിസ്റ്റം ഇങ്ങനെ കണ്ടിന്യു ചെയ്യാനാണോ ഗവണ്മെൻറ് ആഗ്രഹിക്കുന്നതു്.

ശ്രീ. കെ. ഐ. വേലായുധൻ : ഇന്നത്തെ നിലയിൽ അങ്ങനെയാണു്.

ശ്രീ. പി. ആർ. മാധവൻപിള്ള : ഈ എൻ. എം. ആർ. തൊഴിലാളികൾക്കു് മസ്റ്റർ റോൾ ഇല്ലേ.

Mr. Speaker: That has been answered.

കുഴൽക്കിണർ.

* 134. [6] ശ്രീ. പ്രാക്കുളം ഭാസി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954 – 55 – ൽ സംസ്ഥാനത്തു് എത്ര കുഴൽക്കിണർ തീർത്തിട്ടുണ്ടു്; എവിടെയൊക്കെ;

(ബി) കൊല്ലം താലൂക്കിൽ ശങ്കുകുളങ്ങര (മരത്തടി) മുതലായ കോവിൽ എന്നീ സ്ഥലങ്ങളിൽ കുഴൽക്കിണർ തീർക്കണമെന്ന നിവേദനം കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടികൾ നടത്തി ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) 1954–55–ൽ സംസ്ഥാനത്തു 9 കുഴൽക്കിണറുകൾ തീർത്തിട്ടുണ്ടു്. ചെറുവിക്കൽ, ആനുവാമൊഴി ഈ രണ്ടു സ്ഥലങ്ങളിൽ.

(ബി) നിവേദനങ്ങൾ കിട്ടീട്ടുണ്ടു്. ഇൻറോനാർവീജിയൻ ജലവിതരണ പദ്ധതിയനുസരിച്ചു് ജലവിതരണ പദ്ധതി അവിടെ നടപ്പാൽ വരാത്ത പക്ഷം രണ്ടാം പഞ്ചവത്സരപദ്ധതിയിൽ കൊല്ലം താലൂക്കിൽ കിണറുകൾ കുഴിക്കുന്നതായിരിക്കും.

ശ്രീ. പ്രാക്കുളം ഭാസി : ഈ കൊല്ലം എത്ര കുഴൽക്കിണറുകൾ കുഴിപ്പിക്കുകയുണ്ടായി ?

ശ്രീ. എ. എ. റഹിം : നാലെണ്ണം.

ശ്രീ. പ്രാക്കുളം ഭാസി . അതു് എവിടെയൊക്കെയാണെന്നു പറയാമോ ?

ശ്രീ. എ. എ. റഹിം : തീരപ്രദേശങ്ങളിൽ ആണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പ്രാക്കുളം ഭാസി : അതെവിടെയെല്ലാമാണെന്ന് ഇപ്പോൾ പറയാൻ സാധിക്കുമോ ?

ശ്രീ. എ. എ. റഹിം : ചിറയഴിയിക്കൽ, അലപ്പുഴ ഈ പ്രദേശങ്ങളിലാണ്.

ശ്രീ. പ്രാക്കുളം ഭാസി : കൊല്ലത്തു് ശക്തികുളങ്ങര, ഉള്ളിയക്കോവിൽ ഇവിടങ്ങളിൽ കഴൽക്കിണറുകൾ കുഴിക്കുന്നതിനുള്ള പണികൾ ആരംഭിക്കാത്തതു് എന്തുകൊണ്ടാണു് ?

ശ്രീ. എ. എ. റഹിം : ആ ഭാഗങ്ങളിൽ ഇൻറോ നാർവീജിയൻ പദ്ധതിയനുസരിച്ചു് ജലവിതരണം ചെയ്യാമെന്നു് പറഞ്ഞിട്ടുള്ളതുകൊണ്ടാണു്. അതു നടപ്പാകാത്തപക്ഷം ഗവണ്മെൻറ് ചെയ്യുന്നതാണു്.

ശ്രീ. പ്രാക്കുളം ഭാസി : ഇൻറോനാർവീജിയൻ പദ്ധതിയനുസരിച്ചുള്ള ജലവിതരണം നടപ്പാക്കാൻ താമസമുള്ളതുകൊണ്ടു് കഴിയുന്നതും വേഗം ശക്തികുളങ്ങര മുതലായ സ്ഥലങ്ങളിൽ കഴൽക്കിണറുകൾ കുഴിപ്പിക്കുന്നതിനുള്ള നടപടികൾ ഗവണ്മെൻറ് സ്വീകരിക്കുമോ ?

ശ്രീ. എ. എ. റഹിം : ഇപ്പോൾ ചവറഭാഗത്തു പ്രവർത്തനം നടത്തികൊണ്ടിരിക്കുകയാണു്. അതുകഴിഞ്ഞാൽ ഉടനെ അങ്ങോട്ടുകൊണ്ടുപോകുന്നതിനുള്ള നടപടികൾ എടുക്കും.

ശ്രീ. ടി. എസ്. കൃഷ്ണശാസ്ത്രി : എത്ര മെഷീൻസ് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടു് ?

ശ്രീ. എ. എ റഹിം : രണ്ടെണ്ണം.

ശ്രീ. പി. കെ. യശോധരൻ : ഈ ഫസ്റ്റ് ലിസ്റ്റനുസരിച്ചു് ഇനിയും എത്ര തീരാനുണ്ടു് ?

ശ്രീ. എ. എ. റഹിം : 10 എണ്ണം

ശ്രീ. പി. കെ. യശോധരൻ : ഫസ്റ്റ് ലിസ്റ്റനുസരിച്ചു് എത്രയെണ്ണം എവിടെയെല്ലാമാണു് കഴിക്കാനുദ്ദേശിച്ചിരുന്നതു് ?

ശ്രീ. എ. എ. റഹിം : ഫസ്റ്റ് ലിസ്റ്റനുസരിച്ചു് തീരപ്രദേശങ്ങളിൽ 21 എണ്ണമാണു് ഉദ്ദേശിച്ചിരുന്നതു്.

ശ്രീ. എം. വി. ചെറിയാൻ : മറ്റു പ്രദേശങ്ങളിലും ഈ കഴൽക്കിണറുകൾ കഴിക്കാൻ ഈ മെഷീൻകൊണ്ടു സാധ്യതയുണ്ടോ ?

ശ്രീ. എ. എ. റഹിം : മറ്റു പ്രദേശങ്ങളിലും കഴിക്കാൻ സാധ്യതയുള്ള മെഷീൻസാണു്.

ശ്രീ. എം. വി. ചെറിയാൻ : അങ്ങനെയുള്ള സ്ഥലങ്ങളിൽ ഒരു പരീക്ഷണമെന്ന നിലയിലെങ്കിലും കഴൽക്കിണറുകൾ കുഴിപ്പിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. എ. എ. റഹിം : വെള്ളത്തിൻറെ ആവശ്യം അധികമുള്ള സ്ഥലങ്ങളിൽ കഴിച്ചുകഴിഞ്ഞതിനുശേഷം അതെപ്പറ്റി ആലോചിക്കാവുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പ്രാക്കുളം ഭാസി : ഇപ്പോൾ രണ്ട് മെഷീനുകൾ പ്രവർത്തിക്കുന്നതു് എവിടെയെല്ലാമാണു്?

ശ്രീ. എ. എ. റഹിം : മന്നു് ചെറായിക്കലും മറൈാന്നു് കുട്ടനാട്ടിലുമാണു്.

ശ്രീ. കെ. എ. ബാലൻ : ഏതെങ്കിലും പ്രദേശങ്ങളിൽ ഈ പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : ഉപേക്ഷിച്ചിരിക്കാം.

ശ്രീ. കെ. എ. ബാലൻ : മുനമ്പം എന്ന സ്ഥലത്തു് ഇതു് ഉപേക്ഷിച്ചതെന്തുകൊണ്ടെന്നറിയാമോ ?

ശ്രീ. എ. എ. റഹിം : ചിലപ്പോൾ അങ്ങോട്ടും ഇങ്ങോട്ടും ചില മറൈങ്ങൾ വരുത്തേണ്ടതായി വരും.

ശ്രീ. കെ. എ. ബാലൻ : അവിടെ കുഴൽക്കിണർ കുഴിക്കുന്നതിനു സത്വരനടപടികൾ എടുക്കുമോ ?

ശ്രീ. എ. എ. റഹീം : എടുക്കാം.

ശ്രീ. സി. ജി. സദാശിവൻ : ചേർത്തല താലൂക്കിൽ കുഴൽക്കിണർ കുഴിപ്പിക്കുന്നതിനുള്ള യന്ത്രം വലുതായതുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും കൊണ്ടുപോകാൻ വലിയ പ്രയാസമാണെന്നു് പരാതി ലഭിച്ചിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : പരാതി ലഭിച്ചിട്ടുണ്ടു്. വേറെ ഒരു ചെറിയ യന്ത്രമുള്ളതു് അങ്ങോട്ടയച്ചു അങ്ങനെയുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നതാണു്.

ശ്രീ. ടി. കേശവൻശാസ്ത്രി : നമ്മുടെ കുഴൽക്കിണർ വകകൾകൊണ്ടു് വളരെ പ്രയോജനമുണ്ടായിട്ടുണ്ടെന്നുള്ളതു് പരമാർത്ഥമാണു്. അതിന്റെ വ്യാസമെന്താണെന്നു് പറയാൻ മനസുണ്ടാകുമോ ?

ശ്രീ. എ. എ. റഹിം : മൂന്നിഞ്ചും രണ്ടര ഇഞ്ചും വ്യാസമുണ്ടു്.

ശ്രീ. കെ. എസ്സു് കൃഷ്ണശാസ്ത്രി : കുഴൽകിണർ വകകൾ കുഴിപ്പിക്കുന്നതിനെ സംബന്ധിച്ചു വല്ല പ്രയാറിറി ലിസ്റ്റും ഉണ്ടോ ?

ശ്രീ. എ. എ. റഹിം : പ്രയാറിറി ലിസ്റ്റു് ഒന്നും തയാറാക്കിയിട്ടില്ല.

ശ്രീ. കെ. എസ്. കൃഷ്ണശാസ്ത്രി : അതെയാണെങ്കിൽ മറ്റിടങ്ങളിൽ ഇതുവരെ ഒരു കുഴൽക്കിണർ കുഴിക്കാതിരുന്നതെന്തുകൊണ്ടാണു് ?

ശ്രീ. എ. എ. റഹിം : തീരപ്രദേശങ്ങളിലെ പ്രവർത്തനങ്ങൾ വിലയിരുത്തിയതിനുശേഷം മറ്റു സ്ഥലങ്ങളിലും കുഴിക്കുന്നതാണു്.

മണ്ണൊലിപ്പു നിവാരണ പ്രവർത്തനം.

* 135. [7] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണൊലിപ്പു തടയുന്നതിനുവേണ്ടി ഗവണ്മെന്റു് ഇതുവരെയും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly